**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2047** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>അസിസ്റ്റന്റ് പ്രൊഫസർ (മാത്തമാറ്റിക്സ്) റാങ്ക് ലിസ്റ്റ് നിയമനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അൻവർ സാദത്ത് ശ്രീ. വി. ഡി. സതീശൻ

ശ്രീ. അൻവർ സാദത്ത് (മുഖ്യമന്ത്രി)

**(എ)** 27/01/2023-ന് നിലവിൽ വന്ന കോളേജിയേറ്റ് എജ്യുക്കേഷൻ അസിസ്റ്റന്റ് പ്രൊഫസർ (മാത്തമാറ്റിക്സ്) റാങ്ക് ലിസ്റ്റിൽ നിന്നും 2 സർക്കാർ ഉത്തരവുകൾ പ്രകാരം (01/04/2020 ജി.ഒ(കൈ)നം.155/2020-HEDN; 25/05/2020 ജി.ഒ(കൈ) നം.193/2020-HEDN) നിയമനങ്ങൾ നടത്താൻ സാധിക്കാത്തത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; ഈ പ്രതിസന്ധി പരിഹരിച്ച് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനങ്ങൾ നടത്തുന്നതിന് പ്രത്യേക നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** 2023 ജനവരി 28 ന് നിലവിൽ വന്ന കോളേജിയേറ്റ് എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസ്സർ (മാത്തമാറ്റിക്സ്) റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ 28 നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

യൂ.ജി.സി മാനദണ്ഡങ്ങൾക്ക് അനുസൃതമായി സ.ഉ (കൈ) നം.155/2020/ഉവിവ തീയതി 01.04.2020, സ.ഉ(കൈ) നം. 193/2020/ഉവിവ തീയതി 25.05.2020 എന്നീ ഉത്തരവുകൾ പ്രകാരം പി.ജി വയിറ്റേജ് ഒഴിവാക്കിയപ്പോഴും എം.ഫിൽ കോഴ്സ് നിർത്തലാക്കിയത് മൂലവും 16 മണിക്കൂർ വർക്ക് ലോഡ് ഇല്ലാത്ത തസ്തികകൾ അധിക തസ്തികകളായി നിർണ്ണയിച്ചതിനാലും മാത്തമാറ്റിക്സ് വിഭാഗത്തിൽ 21 തസ്തികകൾ അധിക തസ്തികകൾ ആയി നില നിന്നിരുന്നു. ആയതിനാൽ സ.ഉ (കൈ) നം.313/2020/ഉവിവ തീയതി 11.09.2020 ലെ നിർദ്ദേശ പ്രകാരം 01/06/2020 ന് ശേഷം അസിസ്റ്റന്റ് പ്രൊഫസ്സർ (മാത്തമറ്റിക്സ്) വിഭാഗത്തിലുള്ള ഒഴിവുകൾ പി.എസ്.സി- ക്ക് റിപ്പോർട്ട് ചെയ്തിരുന്നില്ല. അധിക തസ്തികകൾ പുനർവിന്യസിക്കുന്ന മുറയ്ക്ക് മാത്രമേ 2023 ജനവരി 28 ന് നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുവാൻ സാധിക്കുമായിരുന്നുള്ളൂ.

മാത്തമാറ്റിക്സ് വിഷയത്തിൽ നിലവിലുണ്ടായ 21 അധിക തസ്തികകൾക്ക് പുറമെ ഉണ്ടായ 8 ഒഴിവുകളിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതിനായി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലെ വിവിധ വിഷയങ്ങളിൽ നിലനിന്നിരുന്ന അധികതസ്തികകൾ പുനർവിന്യസിച്ച് സ.ഉ(സാ.ധാ)നം. 52/2026/ ഉവിവ തീയതി 13.01.2026 നമ്പർ ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു. ആയത് പ്രകാരം മാത്തമാറ്റിക്സ് വിഷയത്തിൽ 10 അധിക തസ്തികകൾ ഷിഫ്റ്റ് ചെയ്തത് മൂലമുണ്ടായ ഒഴിവുകൾ കൂടി പി എസ് സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് പി എസ് സിയിൽ നിന്നും നിയമന

ശിപാർശ നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**